(ബി) അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഫാക്ടറി ഇൻസ്പെക്ഷന്റെ ഫലമായി അങ്ങിനെയുള്ള വ്യവസ്ഥകളും ഊർജ്ജിതമായി നടപ്പാക്കുന്നുണ്ട്. വ്യവസ്ഥകളും നടപ്പാക്കാത്തവരെ പ്രോസിക്യൂട്ട് ചെയ്യുന്നുണ്ട്. കഴുത്തണ്ടി ഫാക്ടറികളുടെമേൽ ഫാക്ടറീസ് ആക്ടനുസരിച്ചു നാലു പ്രോസിക്യൂഷൻ നിലവിലിരിക്കുന്നുണ്ട്.

(സി) മുകളിൽ നല്കിയിരിക്കുന്ന ഉത്തരങ്ങളും നിമിത്തം ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പിലിപ്പോസ് മുതലാളി: എനാത്തു കഴുവണ്ടി ഫാക്ടറിയിൽ ഈ വ്യവസ്ഥകളും പാലിക്കുന്നില്ലെന്നു വല്ല നിവേദനങ്ങളും ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്റെ കയ്യിലുള്ള റിക്കാട്ടുകളിൽ കാണുന്നില്ല. പക്ഷെ കിട്ടിക്കാണും. ബഹു. മെമ്പർ പറഞ്ഞതുകൊണ്ട് അങ്ങിനെ ഒരു നിവേദനം കിട്ടീട്ടുണ്ടെന്നതന്നെ ഞാൻ വിചാരിക്കുന്നു.

ശ്രീ. പിലിപ്പോസ് മുതലാളി: അതേസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു മേൽ നടപടികൾക്കായി ലേബർ കമ്മീഷണറെ ഏല്പിച്ചിട്ടുണ്ടാവും.

ശ്രീ. എ. കെ. പാച്ചുപിള്ള: എനാത്തു ഫാക്ടറിയുടെ ഉടമസ്ഥൻ ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാൻ പാടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു് മിസ്റ്റർ തങ്കമണ്ണു മുസലിയാരാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ മെമ്പർ പറഞ്ഞപ്പോൾ മനസ്സിലായി. അദ്ദേഹത്തിന്റെ പേരിൽ ഇപ്പോൾ രണ്ടു പ്രോസിക്യൂഷൻ കേസ്സുകൾ നിലവിലുണ്ട്.

[Question No. *508 (22) was not put by the Member]

PRICE OF PADDY

***509. [23] Sri. E. P. Poulose :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state whether Government have considered the demand for higher price for paddy purchased from cultivators?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** The matter is under consideration.

ശ്രീ. ഇ. പി. പൗലോസ് : നെല്ല് ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ചു റിസർച്ചു് ഡിപ്പാർട്ടുമെണ്ടിൽനിന്നും ഒരു സ്റ്റാറ്റിസ്റ്റിക്സ് എടുക്കുന്നതിൽ ഉല്പാദനച്ചിലവിനെപ്പറ്റി പരിഗണിക്കണമെന്നു് ഗവണ്മെണ്ടു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവേദനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒന്നു അതാണ്.

ശ്രീ. ഇ. പി. പൗലോസ്: അതു് അടുത്തകാലത്തു തയാറാക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly